# കേരള സർവകലാശാല

നം. പി.ആർ.010/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.എ ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് രണ്ടാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (133 - 2013 സ്കീം), ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (സപ്ലിമെന്ററി മാത്രം - 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 25 വരെ അപേകഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## ബി.എ മ്യൂസിക് പ്രാക്ടിക്കൽ

കേരള സർവകലാശാല മൂന്നാം സെമസ്റ്റർ ബി.എ മ്യൂസിക് (സി.ബി.സി.എസ്) പ്രാക്ടിക്കൽ ഫെബ്രുവരി 24-നും ഒന്നാം സെമസ്റ്റർ പ്രാക്ടിക്കൽ മാർച്ച് രണ്ടിനും തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) അതത് കേന്ദ്രങ്ങളിലും ലഭിക്കും.

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in ലഭിക്കും.

## സമ്പർക്കക്ലാസ് ഇല്ല

കേരള സർവകലാശാല രണ്ടാം വർഷ എം.എ ഇംഗ്ലീഷിന്റെ സമ്പർക്കക്ലാസ് ഫെബ്രവരി 13, 14 തീയതിളിൽ ഉണ്ടായിരിക്കില്ല.

## ബി.പി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല 2015 ഡിസംബർ/2016 ജനുവരിയിൽ നടത്തിയ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് ഒന്ന്, മൂന്ന് സെമസ്റ്റർ ബി.പി.എ (ഡാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 15 മുതൽ 17 വരെ ശ്രീ സ്വാതിനിരുനാൾ സംഗീത കോളേജിൽ നടത്തും.

## ദേശീയ സെമിനാർ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം റിഫൈനിംഗ് ആൻഡ് റീഡിഫൈനിംഗ് കൗൺസലിംഗ്: ടുവേർഡ്സ് പാരഡിംസ് എന്ന വിഷയത്തിൽ ദേശീയ സെമിനാർ പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്തു. തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഡയറക്ടർ ഡോ.എ.ആർ സുപ്രിയ ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ മുൻ ഡി.ജി.പി ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് മുഖ്യപ്രഭാഷണം നടത്തി. സിൻഡിക്കേറ്റംഗം ഡോ.

റോസമ്മ ഫിലിപ്, ശ്രീമതി ബിന്ദു ജി. നായർ, സി.എ.സി.ഇ.ഇ അസി. ഡയറക്ടർ ഡോ. പി ഗോപിനാഥൻ പിള്ള തുടങ്ങിയവർ സംസാരിച്ചു.
(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)



(അടിക്കുറിപ്പ്: ദേശീയ സെമിനാർ പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ഉദ്ഘാടനം ചെയ്യുന്നു. മുൻ ഡി.ജി.പി ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്, ഡോ.എ.ആർ സുപ്രിയ തുടങ്ങിയവർ സമീപം)

(ഒപ്പ്)

**സർവകലാശാല മന്ദിരം,** **ഡോ. ലാൽ സി.എ.**

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

11.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ